(ബി) ആദ്യഘട്ടമെന്ന നിലയിൽ പൊഴിയൂർ മുതൽ വൈപ്പിൻ വരെ വയർലെസ് ശൃംഖല സ്ഥാപിച്ചിരിക്കുന്ന പ്രവർത്തനം പൂർത്തിയായി. ഇതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ 200 വാക്കിടോക്കി സെറ്റുകൾ വിതരണം ചെയ്യുന്നതാണ്. ഇതനുസരിച്ച് തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അർഹരായ 200 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെ തെരഞ്ഞെടുത്തു. വാക്കിടോക്കി വിതരണം 14-2-2001-ൽ തിരുവനന്തപുരം ജില്ലയിൽ ഉത്ഘാടനം ചെയ്തു.

രണ്ടാം ഘട്ടമായി തൃശൂർ മുതൽ കാസർഗോഡുവരെ ഈ ശൃഖല വ്യാപിപ്പിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(സി) വയർലെസ് സംവിധാനം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക, ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുക എന്നിവയാണ് റേഡിയോ ഓഫീസറുടെ ചുമതലകൾ.

(ഡി) ഈ സംവിധാനം വഴി മത്സ്യ ഭവനുകളും കടലിൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിയും കടൽ രക്ഷാപ്രവർത്തനത്തിന് ഉപയുക്തമാക്കുന്ന ബോട്ടുകളും തമ്മിൽ നേരിട്ടു വാർത്താവിനിമയം സാദ്ധ്യമാക്കുന്നതുമൂലം രക്ഷാ പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ നടപ്പിലാക്കുവാൻ കഴിയും. കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യത്തിന്റെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ മുതലായവയും മത്സ്യഭവനുകൾ വഴി കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് കൈമാറാൻ കഴിയും ഇപ്രകാരം മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(ഇ) ബാധകമല്ല.

മത്സ്യത്തൊഴിലാളി ക്ഷേമനിധി കോൺട്രിബ്യൂഷൻ

149 (898) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം മത്സ്യത്തൊഴിലാളിക്ഷേമ നിധിയിലേക്ക് കോൺട്രിബ്യൂഷൻ നൽകേണ്ട തൊഴിലാളികൾ കൂടിശ്ശിക വരുത്തിയതിന്റെ പേരിൽ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ തടഞ്ഞ സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) മത്സ്യത്തൊഴിലാളിക്ഷേമനിധിയിലേയ്ക്കുള്ള കോൺട്രിബ്യൂഷൻ അടയ്ക്കാതിരുന്നതിന്റെ പേരിൽ മത്സ്യത്തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ള യന്ത്രവൽക്കൃതബോട്ടുകൾ പിടിച്ചെടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം മത്സ്യത്തൊഴിലാളികളെ സംബന്ധിക്കുന്ന മരണാനന്തര ആനുകൂല്യങ്ങളും പെൻഷനും മരവിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എപ്പോഴെല്ലാം ;

(ഇ) മരണാനന്തര ആനുകൂല്യം മരവിപ്പിച്ചതിന്റെ പേരിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇത് കിട്ടാതിരുന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇപ്പോൾ എത്ര മാസത്തെ മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക ആയിട്ടുണ്ട് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) 15 മാസത്തെ പെൻഷൻ കുടിശ്ശിക.

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് വിഹിതം അടയ്ക്കുവാനുള്ള കയറ്റുമതിക്കാർ

150 (899) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് വിഹിതം അടയ്ക്കുവാനുള്ള കയറ്റുമതിക്കാരുടെ കുടിശ്ശിക എത്ര കോടി വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഹിതം അടയ്ക്കാതിരുന്ന കയറ്റുമതിക്കാർ എന്തെങ്കിലും ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ഇവർ സർക്കാരിന് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ ;

(സി) കുടിശ്ശികക്കാരായ കയറ്റുമതിക്കാർ ആരൊക്കെ ; ഇവർ എത്ര രൂപാവീതം സർക്കാരിന് നൽകാനുണ്ട് ;

(ഡി) ഈ പ്രശ്നപരിഹാരത്തിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 29.13 കോടി രൂപ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly